Draft #3 of File 48188/Admn A V/2024/UOK Approved by DEPUTY REGISTRAR Admin I on 29-Aug-2025 12:46 PM - Page 1

File Ref.No.48188/Admn A V/2024/UOK

**UNIVERSITY OF KERALA**

**(Abstract)**

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പാർട്ട്ടൈം കണ്ടിജന്റ് എംപ്ലോയീസ്, എൻ.എം.ആർ / സി.എൽ.ആർ ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർക്കും 2025 ലെ ഓണം അഡ്വാൻസ് അനുവദിച്ച് ഉത്തരവായിരിക്കുന്നത് - കേരള സർവകലാശാലയിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

---

**Ad A V**

7492/2025/UOK Dated: 29.08.2025

---

*Read:*-കേരള സർക്കാർ ധനകാര്യ (ലോൻസ്) വകുപ്പിന്റെ 26.08.2025 തീയതിയിലെ സ.ഉ(അച്ചടി)നം.108/2025/ധന ഉത്തരവ്.

**ORDER**

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പാർട്ട്ടൈം കണ്ടിജന്റ് എംപ്ലോയീസ്, എൻ.എം.ആർ / സി.എൽ.ആർ ഉൾപ്പെടെയുള്ള വിവിധ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും 2025-ലെ ഓണം അഡ്വാൻസ് അനുവദിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

കേരള സർക്കാർ ധനകാര്യ (ലോൻസ്) വകുപ്പിന്റെ സൂചന പ്രകാരമുള്ള ഉത്തരവ് പരിഗണിച്ചുകൊണ്ട് 2025-ലെ ഓണം അഡ്വാൻസായി പരമാവധി തുക ₹ 20,000/- (ഇരുപതിനായിരം രൂപ മാത്രം) അനുവദിക്കുവാനും, ടി തുക ശമ്പളത്തിൽ നിന്നും 10 തുല്യ മാസ ഗഡുക്കളായി തിരികെ പിടിക്കുവാനും വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

ഈ ഉത്തരവ് ഫിനാൻസ് വിഭാഗത്തിന്റെ 29.08.2025 തീയതിയിലെ Endt.FOS.1904/Finance-I/2025-26 നമ്പർ അംഗീകാരപ്രകാരം പുറപ്പെടുവിക്കുന്നതാകുന്നു.

പ്രസ്തുത വിവരം സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

Reena Jose

DEPUTY REGISTRAR Admin I
For REGISTRAR

To

(1) വി.സി യുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
(2) രജിസ്ട്രാർ / എഫ് .ഒ / സി .ഇ / ഡി.പി.ഡി എന്നിവരുടെ പി .എ മാർക്ക്
(3) എല്ലാ വകുപ്പ് മേധാവികൾക്കും / സെന്റർ ഡയറക്ടർമാർക്കും
(4) എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും / യൂണിവേഴ്സിറ്റി ലൈബ്രേറിയൻ (കെ.യു.എൽ ) / ഡെപ്യൂട്ടി ലൈബ്രേറിയൻ (സി.എൽ )/ പ്രസ്സ് സൂപ്രണ്ട് / പി.ആർ.ഓ
(5) ഫിനാൻസ് സെക്ഷൻ / ഓഡിറ്റ് സെക്ഷൻ
(6) ഗവണ്മെന്റ് ഓഡിറ്റർ
(7) സ്റ്റോക്ക് ഫയൽ

Forwarded / By Order

Sd/-
Section Officer

Draft #3 of File 48188/Admn A V/2024/UOK Approved by DEPUTY REGISTRAR Admin I on 29-Aug-2025 12:46 PM - Page 2

The document is digitally approved. Hence signature is not needed.

"ഭരണഭാഷ- മാതൃഭാഷ"

M
27/8/25
REGISTRAR
IN-CHARGE

**കേരള സർക്കാർ**

<u>സംഗ്രഹം</u>

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പാർട്ട്ടൈം കണ്ടിജന്റ് എംപ്ലോയീസ്, എൻ.എം.ആർ/സി.എൽ.ആർ ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർക്കും 2025 - ലെ ഓണം അഡ്വാൻസ് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ലോൺസ്) വകുപ്പ്**

**സ.ഉ(അച്ചടി)നം.108/2025/ധന** **തിരുവനന്തപുരം, തീയതി 26/08/2025**

പരാമർശം:-06/09/2024 - ലെ സ.ഉ(അച്ചടി)നം. 77/2024/ധന.

UNIVERSITY OF KERALA

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ചീഫ് വിപ്പ് എന്നിവരുടെ പേർസണൽ സ്റ്റാഫിനും 2025 - ലെ ഓണം അഡ്വാൻസായി **20,000/-** രൂപ (ഇരുപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. അഡ്വാൻസായി കുറഞ്ഞ തുക ആവശ്യമുള്ള ജീവനക്കാർക്ക് ആയിരത്തിന്റെ ഗുണിതങ്ങളായ തുകയായും പരമാവധി 20,000/- രൂപയിൽ നിജപ്പെടുത്തി അനുവദിച്ച് നൽകാവുന്നതാണ്. അഡ്വാൻസ് തുക ജീവനക്കാരുടെ ശമ്പളവും ബത്തകളും മാറി നൽകുന്ന ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്യേണ്ടതും അഞ്ച് മാസ തുല്യഗഡുക്കളായി 2025, നവംബർ ഒന്നിന് വിതരണം ചെയ്യുന്ന 2025, ഒക്ടോബർ മാസത്തെ മുതലുള്ള ശമ്പളത്തിൽ നിന്നും തിരികെ ഈടാക്കി ഒടുക്കേണ്ടതുമാകുന്നു.

2. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 250 (I) - ലെ 1 മുതൽ 3 വരെ കുറിപ്പുകളിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി താഴെപ്പറയുന്ന ജീവനക്കാർക്ക് **6,000/-** രൂപ (ആറായിരം രൂപ മാത്രം) നിരക്കിൽ ഓണം അഡ്വാൻസ് അനുവദിച്ച് ഉത്തരവാകുന്നു.

1. പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ.
2. എല്ലാ വകുപ്പുകളിലെയും എൻ.എം.ആർ / സി.എൽ.ആർ / സീസണൽ വർക്കർമാർ / കൃഷി ഫാമുകളിലെ സ്ഥിരം വർക്കർമാർ.
3. സർക്കാർ വകുപ്പുകളിലെ സ്ഥിരം തൊഴിലാളികൾ.
4. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റീജിയണൽ വർക്ക്ഷോപ്പുകളിലെ വർക്കർമാർ, ആലപ്പുഴയിലെ ഡ്രെഡ്ജർ ആന്റ് ക്രൂ ഡോക്കിലെ വർക്കർമാർ.
5. കുടുംബാസൂത്രണ വോളണ്ടിയർ വർക്കർമാർ.
6. അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ.
7. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് എന്നിവിടങ്ങളിലെ സ്ഥിരം അല്ലാത്ത വർക്കർമാർ, ബന്ധപ്പെട്ട ലോക്കൽ ബോഡികൾ, കൃഷി വകുപ്പ് എന്നിവിടങ്ങളിലെ കോക്കനട്ട് സ്പ്രേയിംഗ് വർക്കർമാർ.
8. മൗണ്ടഡ് പോലീസ് വിംഗിലെ ഗ്രാസ്സ് കട്ടർമാർ.

3. തൊഴിലാളികൾക്ക് നാളിതുവരെ അനുവദിച്ച എല്ലാ അഡ്വാൻസുകളും പൂർണ്ണമായും തിരികെ ഈടാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിക്കൊണ്ട് ബന്ധപ്പെട്ട ലേബർ യൂണിയന്റെ ഉറപ്പിന്മേലും സ്ഥിര/താൽക്കാലിക ജോലിക്കാരുടെ കൂട്ടുത്തരവാദിത്വത്തിലുമായിരിക്കണം ഒരേ സ്ഥാപനത്തിലെ ജോലിക്കാർക്ക് അഡ്വാൻസ് അനുവദിച്ച് നൽകേണ്ടത്.

4. അഡ്വാൻസ് തിരിച്ചടവ് പൂർത്തിയാകുന്ന കാലയളവ് വരെ അതത് ഫാം / ലോക്കൽ ബോഡി/സ്ഥാപനത്തിൽ ജോലിയിൽ തുടരും എന്നുറപ്പുള്ള ജോലിക്കാർക്ക് മാത്രമേ അഡ്വാൻസ് അനുവദിക്കാൻ പാടുള്ളൂ. കോക്കനട്ട് സ്പ്രേയിംഗ് വർക്കർമാരുടെ അഡ്വാൻസ് തിരിച്ചടവ് നടത്തേണ്ടത് കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ അതാത് തദ്ദേശഭരണ സർക്കാരുകളായിരിക്കും.

5. തദ്ദേശഭരണ സർക്കാരുകളുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ കാര്യത്തിൽ, മുൻഖണ്ഡിക രണ്ടിൽ പരാമർശിക്കുന്ന സമാന വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ബാധകമാവുന്ന മേൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിലും നിബന്ധനകൾക്ക് വിധേയമായും, ബന്ധപ്പെട്ട തദ്ദേശഭരണ സർക്കാരുകൾക്ക് അവരുടെ സാമ്പത്തികശേഷിയും ഫണ്ടിന്റെ ലഭ്യതയും പരിഗണിച്ച് അഡ്വാൻസ് അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

5. ഖണ്ഡിക 2 ൽ (1) മുതൽ (7) വരെ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും അഞ്ച് മാസ തുല്യ ഗഡുക്കളായും ആഴ്ചതോറും വേതനം കൈപ്പറ്റുന്ന എട്ടാമത്തെ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും 21 ആഴ്ച തുല്യ ഗഡുക്കളായും അഡ്വാൻസ് തുക പൂർണ്ണമായും തിരിച്ച് പിടിക്കേണ്ടതാണ്.

6. **29/08/2025** മുതൽ അഡ്വാൻസ് തുക പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്. 2025-ലെ ഓണത്തിനുശേഷം ഓണം അഡ്വാൻസ് അനുവദിക്കാൻ പാടുള്ളതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.എം.ജാഫർ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ),കേരളം തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവൻമാർ, ഓഫീസർമാർക്ക്.
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾ, സെക്ഷനുകൾക്ക്.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ / സ്പെഷ്യൽ സെക്രട്ടറിമാർ / അഡീഷണൽ സെക്രട്ടറിമാർ / ജോയിന്റ് സെക്രട്ടറിമാർ / ഡെപ്യൂട്ടി സെക്രട്ടറിമാർ / അണ്ടർ സെക്രട്ടറിമാർക്ക്.
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, കേരള, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യം. (www.finance.kerala.gov.in)
കരുതൽ കോപ്പി / ആഫീസ് കോപ്പി (E-3213579/L1/187/2025/Fin

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ